പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

23.1.2018 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*19

# കാതോരം പദ്ധതി

ചോദ്യം

മറുപടി

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.ബി.സത്യൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ.വി. അബ്ദുറഹിമാൻ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കുട്ടികളിലെ ശ്രവണ സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിന് കാതോരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) കുട്ടികളിലെ ശ്രവണ സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിനായി അനുയാത്ര പദ്ധതിയുടെ ഭാഗമായി കാതോരം പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) നവജാത ശിശുക്കളുടെ കേൾവി പരിശോധന നടത്തുന്നതിന് നിലവിൽ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (ബി) ഒരു കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ 1,3,6,18,42 മാസങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കുട്ടി സ്കൂളിൽ പോകുന്നതിന് മുൻപ് കേഴ്വി സംബന്ധമായ വൈകല്യം ഉണ്ടെങ്കിൽ ആയത് പരമാവധി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി കാതോരം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നവജാത ശിശുക്കളുടെ കേഴ്വി പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 66 സർക്കാർ ഡെലിവറി പോയിന്റുകളിൽ OAE Screening (ഓട്ടോ അകിസ്റ്റ് എമിഷൻ സ്ക്രീനർ) സംവിധാനം ഏർപ്പെടുത്തുന്നതാണ്. നിലവിൽ 40 സർക്കാർ ഡെലിവറി പോയിന്റുകളിൽ ഈ സംവിധാനം ലഭ്യമാണ്. ബാക്കി 26 കേന്ദ്രങ്ങളിൽ കൂടി ഈ സംവിധാനം ലഭ്യമാക്കുന്നതിനുള്ള OAE മെഷീനുകൾ KMSCL (Kerala Medical Services Corporation Limited) മുഖേന വാങ്ങിയിട്ടുണ്ട് 2018 ജനുവരി അവസാനത്തോടെ 66 കേന്ദ്രങ്ങളിലും കാതോരത്തിന്റെ ഭാഗമായ നവജാത ശിശുക്കളുടെ ശ്രവണ പരിശോധനാ സംവിധാനം നിലവിൽ വരുന്നതാണ്. സർക്കാർ ഡെലിവറി പോയിന്റുകൾക്ക് പുറത്ത് (സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ) ജനിക്കുന്ന കുട്ടികൾക്കും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. ഈ സൗകര്യം സ്വകാര്യ ആശുപത്രികളിലും ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കേഴ്വി പരിശോധനാഫലം രേഖപ്പെടുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തേണ്ട മറ്റ് സ്ഥാപനങ്ങളുമായി |

| | |
|---|---|
| | ഷെയർ ചെയ്യുന്നതിനുമുളള ഒരു സോഫ്റ്റ് വെയറും കാതോരത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട് നവജാത ശിശുക്കളിൽ കണ്ടെത്തുന്ന മറ്റ് വൈകല്യങ്ങളും ഈ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ എത്തിക്കാവുന്നതാണ്. പ്രാഥമിക സ്ക്രീനിംഗിൽ കേഴ്‌വി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് അവ സ്ഥിരീകരിക്കുന്നതിനായി BERA (Brainstem Evoked Response Audiometry) സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണ്. ഇതിനായി 14 BERA മെഷീനുകൾക്ക് KMSCL ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് 2018 മാർച്ച് മാസത്തിൽ ഇവ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു<br>കൂടാതെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ & കൺട്രോൾ ഓഫ് ഡെഫ് നെസ്സ്(എൻ.പി.പി.സി.ഡി) എന്ന പ്രോഗ്രാം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയും ബന്ധപ്പെട്ട രോഗങ്ങളെ നിർണ്ണയിക്കുവാനുള്ളതാണ്. ഈ പ്രോഗ്രാം കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ഹോസ്പിറ്റലിലോ ഒരു ഡിസ്ട്രിക്ട് ഹോസ്പിറ്റലിലോ ഈ പ്രോഗ്രാം പ്രവർത്തിച്ചു വരുന്നു. 14 കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ & കൺട്രോൾ ഓഫ് ഡെഫ് നെസ്സ് എന്ന പ്രോഗ്രാമിനു വേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയാ വിദഗ്ധരായ ഒരു ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജിസ്റ്റ് സ്റ്റാഫുകളും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉണ്ട്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിനു വേണ്ടിയുള്ള ഉപകരണങ്ങൾ എൻ.എച്ച്.എം മുഖേന നൽകിയിട്ടുണ്ട്. |
| (സി) ശ്രവണ വൈകല്യം സ്ഥിരീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ഓഡിറ്ററി വെർബൽ തെറാപ്പിയും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഇ.എൻ.ടി. വിഭാഗം, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, NIPMR, എന്നിവയുടെ സഹകരണത്തോടെ ശ്രവണ വൈകല്യം സ്ഥിരീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ഓഡിറ്ററി വെർബൽ തെറാപ്പിയും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നതിനാണ് കാതോരം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഇ.എൻ.ടി. വിഭാഗം, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, ദേശീയ ആരോഗ്യ ദൗത്യം, നിഷ്, NIPMR( National Institute of Physical Medicine and Rehabilitation), NPPCD(National Programme for Prevention and Control of Deafness, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് കാതോരം പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ